സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

കെ.പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് ഏകജാലക സംവിധാനം

26 (*326) ശ്രീ. പി. എ.മാധവൻ :

,, വി. ഡി. സതീശൻ :

,, അൻവർ സാദത്ത് :

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി വഴിയുള്ള നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരങ്ങൾ ഏകജാലക സംവിധാനം വഴി ലഭ്യമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് വേണ്ടി ഏകജാലകസംവിധാനം പ്രവർത്തിപ്പിക്കുന്നില്ല. എന്നാൽ www.keralapsc.gov.in എന്ന മേൽവിലാസത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് നിലവിലുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സമഗ്ര വിവരങ്ങൾ ഇതിൽ ലഭ്യമാണ് നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമുള്ള വിവര്ങ്ങൾ ഈ വെബ്സൈറ്റിൽ നിന്നും ലഭ്യമാകും. ടി വിവരങ്ങൾ കാലികമായും പുതുക്കലിനു വിധേയമാക്കുന്നുണ്ട്.

(ബി & സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതു ഉദ്യോഗാർത്ഥികൾക്കും പൊതു സമൂഹത്തിനും കാലവിളംബം കൂടാതെ ലഭ്യമാക്കുക

LIBRARY ARCHIVES Kerala Legislative Assembly

അതുവഴി സുതാര്യത, കാര്യക്ഷമത വേഗത എന്നിവ ഉറപ്പുവരുത്തുക എന്നതാണ് വെബ്സൈറ്റിന്റെ ലക്ഷ്യം. ഇത് കൂടാതെ, വ്യക്തിഗത വിവരങ്ങൾ നൽകുന്നതിനായി Cell Centre പ്രവർത്തിച്ചുവരുന്നുണ്ട്.

ചരക്ക് സേവന നികുതി ബിൽ

27 (*327) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. എ. ബേബി :
,, എം. ചന്ദ്രൻ :
,, കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി ബില്ലിലെ നിർദ്ദേശങ്ങളിൽ, ഏതെങ്കിലും കാര്യങ്ങളിൽ കേന്ദ്രവും സംസ്ഥാനവുമായി തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ താൽപര്യങ്ങളെ മുൻനിർത്തി എന്തെങ്കിലും ആവശ്യങ്ങൾ സർക്കാർ മുന്നോട്ട് വയ്ക്കുകയുണ്ടായോ ;

(സി) ഉന്നതാധികാര സമിതി യോഗത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്; ഇക്കാര്യത്തിൽ കേന്ദ്ര നിലപാടുകൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ഡി) കോർപ്പറേറ്റുകളുടെ ആവശ്യങ്ങൾക്ക് വഴങ്ങിയുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ഇ) ചരക്ക് സേവന നികുതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(എഫ്) സ്വതന്ത്ര തർക്ക പരിഹാര സംവിധാനം സംബന്ധിച്ച വിഷയത്തിലെ സംസ്ഥാനത്തിന്റെ നിലപാട് എന്താണ്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ & ബി) 1. ചരക്ക് സേവന നികുതിയെ സംബന്ധിച്ച ഭരണഘടന ഭേദഗതി ബിൽ പാർലമെന്റിന്റെ പരിഗണനയിലാണ്. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനത്ത് നികുതി ലഭ്യമാകുന്ന സമ്പ്രദായമായതിനാൽ ഭീമമായ നികുതി നഷ്ടം ഉണ്ടാകുമെന്ന് ഉത്പാദക സംസ്ഥാനങ്ങൾക്ക് ആശങ്കയുണ്ട്. ഇതിനുപരിഹാരമായി അന്തർ സംസ്ഥാന ചരക്ക് കൈമാറ്റങ്ങൾക്ക് രണ്ട് കൊല്ലത്തേയ്ക്ക് ഒരു ശതമാനം അധിക

LIBRARY ARCHIVES Kerala Legislative Assembly